175.63 കോടി രൂപയുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഗതാഗതക്കുരുക്കുമൂലം അപകടസ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന വസ്തുത പരിഗണിച്ച്, അപകടസ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും ആധുനിക വാഹനങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആധുനികവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ഇ-ഗവേണൻസ് നടപ്പിലാക്കുന്നതുവഴി ബഹുനില കെട്ടിടങ്ങൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺ ലൈൻ മുഖാന്തരം സമർപ്പിക്കാൻ പര്യാപ്തമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഗ്നിശമന സേനാംഗങ്ങൾക്ക് സ്വയം രക്ഷയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശാസ്ത്രീയമായ കുറ്റാന്വേഷണം

4(*604) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കുന്നവരോട് അപരിഷ്കൃതമായും ക്രൂരമായും പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പെരുമാറ്റരീതികൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കുറ്റാന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്താതെ അപരിഷ്കൃതമായ രീതിയിൽ നടത്തുന്നതുമൂലം പീഡനങ്ങൾക്കിരയായവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൂന്നാംമുറ പ്രയോഗം നടത്തിയതായി ആരോപിക്കപ്പെട്ട പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പോലീസ് സ്റ്റേഷനുകളിൽ അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കപ്പെടുന്നവരോട് അപരിഷ്കൃതമായും ക്രൂരമായും പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പോലീസ് കസ്റ്റഡിയിൽ എടുക്കപ്പെട്ടവരോട് കസ്റ്റഡിയിൽ ക്രൂരമായി പെരുമാറി എന്ന് ആരോപിച്ചുകൊണ്ടുള്ള അപൂർവ്വം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസുദ്യോഗസ്ഥരുടെ തെറ്റായ പെരുമാറ്റരീതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടി/വകുപ്പുതല നടപടി എന്നിവ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് 166 പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പുകളിൽ ലോക്കപ്പ് മോണിറ്ററിംഗ് നടത്തുന്നതിനായി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ 120 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകളും സ്ഥാപിച്ചു വരുന്നു. പോലീസ് സ്റ്റേഷനുകളിലും ലോക്കപ്പുകളിലും നടക്കുന്ന കാര്യങ്ങൾ ടി ക്യാമറയിലൂടെ നിരീക്ഷിക്കാൻ കഴിയുന്നതാണ്. കസ്റ്റഡിയിലെടുക്കുന്ന വ്യക്തികൾക്ക് നിയമം അനുശാസിക്കുന്ന തരത്തിലുള്ള പരിരക്ഷ നൽകുന്നതിൽ വീഴ്ച വരുത്തുവാൻ പാടില്ലെന്നും നിയമപരമായി ഒഴിവാക്കപ്പെട്ടിട്ടുള്ള ലജ്ജാവഹവും മനുഷ്യാവകാശ ധ്വംസനപരമായുള്ള നടപടികൾ ഒരു കാരണവശാലും ഉണ്ടാകരുതെന്നുമുള്ള കർശന നിർദ്ദേശം എല്ലാ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(സി) കുറ്റാന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്താതെ അപരിഷ്കൃതമായ രീതിയിൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തെളിവുകളുടെ അടിസ്ഥാനത്തിൽ നീതിപൂർവ്വവും ശാസ്ത്രീയവുമായ അന്വേഷണത്തിലൂടെയാണ് എല്ലാ കേസുകളിലെയും കുറ്റവാളികളെ കണ്ടെത്തുന്നതും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും.

(ഡി) മൂന്നാംമുറ പ്രയോഗം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി കർശനനിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ഐ.എം.ജി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

5(*605) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly